**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1948** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ഡയറക്ടറേറ്റുകളിലാണ് ഇ-ഓഫീസ് സംവിധാനം നിലവിൽ ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 59 (അമ്പത്തി ഒൻപത്) ഡയറക്ടറേറ്റുകളിൽ നിലവിൽ ഇ-ഓഫീസ് സംവിധാനം ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഡയറക്ടറേറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇ-ഓഫീസ് സംവിധാനം ലഭ്യമായിട്ടുള്ള ഡയറക്ടറേറ്റുകളിൽ നിന്നും ഇ-ഓഫീസ് വഴി ഇ-ഫയലുകൾ നേരിട്ട് സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കാൻ തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്; ഇ-ഓഫീസിന്റെ പുതിയ വേർഷ (7.2.0) നിലേക്ക് അപ്ഡേറ്റ് ചെയ്തിട്ടുള്ള 30 ഡയറക്ടറേറ്റുകളിൽ നിന്നും നിലവിൽ ഇ-ഫയലുകൾ നേരിട്ട് സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കുവാൻ സാധിക്കും. മറ്റുള്ള ഡയറക്ടറേറ്റുകൾ പുതിയ വേർഷനിലേക്ക് മാറുന്നതിനുള്ള നടപടികൾ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റ (NIC) റുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. |
| (സി) | ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് ഫയലിന്റെ നിലവിലെ അവസ്ഥ അറിയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യാഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന വിവരം അറിയാൻ സാധിക്കും. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ ഡയറക്ടറേറ്റുകളിൽ 40 ഡയറക്ടറേറ്റുകളിലെയും / കമ്മീഷണറേറ്റുകളിലെയും ഫയൽനീക്കം സംബന്ധിച്ച വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാകുന്നുണ്ട്. അവശേഷിക്കുന്ന ഓഫീസുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരം സിറ്റിസൺ പോർട്ടലിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഇ-ഓഫീസ് സോഫ്റ്റ്വെയർ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന് (NIC) നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ. നമ്പർ | ഡയറക്ടറേറ്റ് |
|---|---|
| 1 | കേരള സംസ്ഥാന ഓഡിറ്റ് |
| 2 | ആരോഗ്യ സേവനങ്ങൾ |
| 3 | ഭാഗ്യക്കുറിവകുപ്പ് |
| 4 | മൃഗസംരക്ഷണ വകുപ്പ് |
| 5 | ദേശീയ തൊഴിൽ സേവനങ്ങൾ |
| 6 | ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ |
| 7 | രജിസ്ട്രേഷൻ വകുപ്പ് |
| 8 | ഹയർ സെക്കൻഡറി വിദ്യാഭ്യാസം |
| 9 | സഹകരണ വകുപ്പ് |
| 10 | തുറമുഖ എൻജിനീയറിംഗ് വകുപ്പ് |
| 11 | സർവേയും ഭൂരേഖയും വകുപ്പ് |
| 12 | സ്റ്റേഷനറി വകുപ്പ് |
| 13 | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം |
| 14 | ഹോമിയോപ്പതി |
| 15 | വ്യവസായവും വാണിജ്യവും |
| 16 | പഞ്ചായത്ത് |
| 17 | വനം |
| 18 | പൊതു വിദ്യാഭ്യാസം |
| 19 | മെഡിക്കൽ വിദ്യാഭ്യാസം |
| 20 | മത്സ്യബന്ധനം |
| 21 | വ്യാവസായിക പരിശീലനം |
| 22 | നഗരാസൂത്രണം |
| 23 | പൊതുവിതരണം |
| 24 | സൈനികക്ഷേമം |
| 25 | കൈത്തറിയും നെയ്ത്തും |
| 26 | പിന്നാക്ക വിഭാഗ വികസനം |
| 27 | സാമ്പത്തികവും സ്ഥിതിവിവരവും |
| 28 | ട്രഷറി |
| 29 | സാമൂഹ്യ നീതി |
| 30 | ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് |
| 31 | കാർഷിക വികസനവും കർഷക ക്ഷേമവും |

| | |
|---|---|
| 32 | പുരാവസ്തു വകുപ്പ് |
| 33 | ക്ഷീരവികസനം |
| 34 | പൊതുമരാമത്ത് വകുപ്പ് |
| 35 | കയർ വികസനം |
| 36 | ലീഗൽ മെട്രോളജി |
| 37 | വനിതാ ശിശു വികസന വകുപ്പ് |
| 38 | ജലസേചന വകുപ്പ് |
| 39 | പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും |
| 40 | പട്ടിക ജാതി വികസനം |
| 41 | മൈനിങ് & ജിയോളജി |
| 42 | അഗ്നി സുരക്ഷ സേവനം |
| 43 | മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് |
| 44 | നഗരകാര്യം |
| 45 | അച്ചടി വകുപ്പ് |
| 46 | ഹൈഡ്രോഗ്രാഫിക് സർവെ വിഭാഗം |
| 47 | വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം |
| 48 | സാംസ്കാരികം |
| 49 | മുഖ്യ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| 50 | ദേശീയ സമ്പാദ്യം |
| 51 | ഡ്രഗ്സ് കൺട്രോൾ |
| 52 | ആർക്കൈവ്സ് |
| 53 | ഫാക്ടറീസ് & ബോയ്‌ലേഴ്സ് |
| 54 | ജലഗതാഗതം |
| 55 | സ്റ്റേറ്റ് ഇൻഷ്വറൻസ് |
| 56 | എൻസിസി ഡയറക്ടറേറ്റ് |
| 57 | കെമിക്കൽ എക്സാമിനേഴ്സ് ലാബ് |
| 58 | ഭൂഗർഭജലം |
| 59 | വിവര പൊതുജന സമ്പർക്കം |

സെക്ഷൻ ഓഫീസർ